പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2223 | 06.02.2019 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.പി.കെ.ബഷീർ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ 2017-18 വർഷത്തെ മൊത്തം വിറ്റുവരവ് എത്രയാണ്; മാവേലി, നോൺ മാവേലി ഇനങ്ങളുടെ വിൽപ്പനയുടെ കണക്ക് വിശദമാക്കാമോ; | (എ) | സപ്ലൈകോയുടെ 2017 - 18 വർഷത്തെ മൊത്തം (ഓഡിറ്റിനു മുൻപ്) വിറ്റുവരവ് **4,263.58 കോടി**യാണ്. മാവേലി ഇനങ്ങളുടെ ആകെ വിറ്റുവരവ് 1,136.63 കോടിയും നോൺ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1,160.31 കോടിയുമാണ്. |
| (ബി) | നിലവിൽ എന്തെല്ലാം സർക്കാർ പദ്ധതികളാണ് സപ്ലൈകോ വഴി നടപ്പാക്കുന്നത്; ഇതിന് എത്ര രൂപ ചെലവ് വരുന്നുണ്ട്; | (ബി) | അവശ്യ ഭക്ഷ്യ വസ്തുക്കളുടെ പൊതു വിപണിയിലെ വില നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി നടത്തി വരുന്ന വിപണി ഇടപെടൽ പദ്ധതിയും തീരദേശത്തെ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടിയുള്ള തീരമൈത്രി സൂപ്പർ മാർക്കറ്റ് പദ്ധതിയും സപ്ലൈകോ വഴി നടപ്പിലാക്കുന്ന സർക്കാർ പദ്ധതികളാണ്. കൂടാതെ കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനായുള്ള നോഡൽ ഏജൻസിയായും സപ്ലൈകോ പ്രവർത്തിക്കുന്നു.<br><br>വിപണിയിടപെടലിനു വേണ്ടി 2017-18 സാമ്പത്തിക വർഷം 431.60 കോടി രൂപയും 2018-19 സാമ്പത്തിക വർഷം (നവംബർ മാസം വരെ) 210.49 കോടി രൂപയും സബ്സിഡി ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. തീരമൈത്രി സൂപ്പർ മാർക്കറ്റ് പദ്ധതിയുടെ ഭാഗമായി തീര മാവേലി യൂണിറ്റുകൾക്ക് ഡിസ്കൗണ്ട് നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 2017-18 സാമ്പത്തിക വർഷം 40.87 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം (സെപ്റ്റംബർ മാസം വരെ) 31.67 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായി റേഷൻ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ ഡിപ്പോകളിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ശേഖരിച്ച് റേഷൻ കടകളിലേയ്ക്ക് വിതരണം ചെയ്യ ഇനത്തിൽ പ്രതിമാസം ഏകദേശം 20 കോടി രൂപയോളം സപ്ലൈകോ ചെലവഴിക്കുന്നുണ്ട്. |
| (സി) | സപ്ലൈകോയ്ക്ക് 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ട്; സബ്സിഡി ഇനത്തിൽ സർക്കാർ എത്ര രൂപ നല്കിയിട്ടുണ്ട്; ലാഭമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും നഷ്ടമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും, അത് എത്രയെന്നും വിശദമാക്കാമോ; | (സി) | പ്രൊവിഷണൽ ലാഭ നഷ്ട കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ നഷ്ടം 135.0615 കോടി രൂപയാണ്. വിപണി ഇടപെടലിനു വേണ്ടി 2017-18 സാമ്പത്തിക വർഷം 200 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിയ വകയിൽ 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 431.60 കോടി രൂപയുടെ നഷ്ടവും തീരമൈത്രി സൂപ്പർ മാർക്കറ്റ് പദ്ധതിയുടെ ഭാഗമായി തീരമാവേലി യൂണിറ്റുകൾക്ക് ഡിസ്കൗണ്ട് നിരക്കിൽ സാധനങ്ങൾ നൽകിയ വകയിൽ 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 40.87 ലക്ഷം രൂപയുടെ നഷ്ടവുമാണ് ഉണ്ടായിട്ടുള്ളത്. |
| (ഡി) | സപ്ലൈകോ ഏതെല്ലാം പുതിയ മേഖലകളിലേയ്ക്കാണ് പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഗൃഹോപകരണ മേഖലയിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കരുനാഗപ്പള്ളി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകൾ വഴിയും കൊട്ടാരക്കര, പുത്തനമ്പലം, ചാലക്കുടി, മാള എന്നിവിടങ്ങളിലെ സൂപ്പർ മാർക്കറ്റുകൾ വഴിയും തൃശ്ശൂരിലെ പീപ്പിൾ ബസാർ വഴിയും ഗൃഹോപകരണ സാമഗ്രികൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സപ്ലൈകോയുടെ കീഴിൽ ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്നതിന് ഹോട്ടലുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഇ) | സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടായിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്നവർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം' പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ